# ‘കഴുകിയ വലകൾ’

## ലൂക്കോസ് 5:2

‘‘അവയിൽനിന്നു മീൻപിടിക്കാർ ഇറങ്ങി വല കഴുകുകയായിരുന്നു.’’

കരയ്ക്ക് അടുപ്പിച്ചു നിൽക്കുന്നതായ രണ്ടു പടകുകൾ. അവയിലെ മീൻപിടുത്തക്കാർ ഒരു ജോലിയിൽ മുഴുകി ഇരിക്കുകയായിരുന്നു. അവർ വല കഴുകുകയായിരുന്നു. ഈ സംഭവത്തിന്റെ പശ്ചാത്തലം ഒക്കെ നമുക്കറിയാം. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും ലഭിക്കാതിരുന്ന മീൻപിടുത്തക്കാർ. അദ്ധ്വാനഭാരത്തിനു ശേഷം പടക് കരയ്ക്ക് അടുപ്പിച്ചിട്ട് കഴുകുവാൻ തുടങ്ങി.

തിരക്കേറിയ ജീവിതത്തിന്റെയും അദ്ധ്വാനത്തിന്റയും നടുവിൽ നിന്നുകൊണ്ട് നാമും ഏറ്റെടുക്കേണ്ട വലിയ ഒരു പാഠം ആകുന്നു ഇത്. പടക് കരയ്ക്ക് അടുപ്പിച്ചിട്ട് കൈയ്യിലുള്ള തിനെ ഒന്നു ശോധന ചെയ്തേ മതിയാകൂ. നേടണം എന്ന ആഗ്രഹത്തോടെ മാത്രം ഓടുന്ന ലോകം. എന്നാൽ പ്രയത്നഫലം പലപ്പോഴും നിഷ്ഫലം ആകുന്നു.

ഭൗതികവും ആത്മികവുമായ ജീവിതത്തെ ഒന്നു കരയ്ക്ക് അടുപ്പിച്ചിട്ട് പരിശോധന ചെയ്യേണ്ടത് അനിവാര്യം ആകുന്നു. ജീവിതത്തിൽ എവിടെയെങ്കിലും ഒരു ശൂന്യത അനുഭ വിക്കുന്നുവെങ്കിൽ, ഹൃദയത്തിൽ മാറ്റം അനിവാര്യമെന്ന് തന്റെ മക്കളോട് അവൻ സംസാ രിക്കുന്നു.

ഓട്ടം നിർത്തി ഒന്ന് അല്പനേരം മാറിയിരുന്ന് വിശകലനം ചെയ്യാം, ചിന്തിക്കാം. അതെ മൂല്യമായത് എന്ത് എന്റെ കൈയ്യിൽ ഉണ്ട്? എടുത്തു പറയത്തക്കതായി എന്തു വിശേഷമാ യതിനെ നാം പ്രാപിച്ചു എന്ന് ശോധന ചെയ്യാം. മീൻ പിടിക്കുന്ന വലയിലെ ഒരു കണ്ണി വിട്ടാൽ മതി അദ്ധ്വാനം ശൂന്യം. അതെ നമ്മുടെ ജീവിതചിത്രമാകുന്ന വലയിലെ ഓരോ കണ്ണിയിലൂടെ ഒന്ന് കണ്ണോടിക്കാം. സൂക്ഷ്മമായ ഒരു പരിശോധന. തുടർന്ന് അതിന്റെ മിനുക്കുപണികളുടെ ആവശ്യകതക്കായി ദൈവകരങ്ങളിലേക്ക് കൊടുക്കാം. പൂർവ്വസ്ഥിതി യിലേക്ക് മടങ്ങിവരിക എന്ന ആഹ്വാനം ഓരോ നിമിഷവും തന്നുകൊണ്ട് പടക് നിറ യ്ക്കാൻ അവൻ തയ്യാറായി നിൽക്കുന്നു. എവിടെയെങ്കിലും പരാജയമോ, വീഴ്ചയോ സംഭ വിച്ചിട്ടുണ്ടെങ്കിൽ നമുക്ക് സമ്മതിച്ചു കൊടുക്കാം. ഇതിലുമുപരി നമ്മുടെ ആത്മീക ജീവൻ ശക്തിയോടെയാണോ നിൽക്കുന്നത്. ആത്മീക താൽപര്യങ്ങൾ എവിടെയെല്ലാം നഷ്ടപ്പെട്ടു എന്നൊക്കെ ഒരു നോട്ടം അനിവാര്യമെന്ന് ആഹ്വാനം ചെയ്യുന്ന കർത്താവ് പടകിൽ ഇരിക്കുന്നു.

രണ്ട് പടക് ഉണ്ടായിരുന്നു. എന്നാൽ ശീമോനുള്ളതിൽ കർത്താവ് കയറി. അവന്റെ identity മാറി. ഇന്ന് ഉപരിപ്ലവമായ ആരാധനയും, ഭക്തിയും കൊണ്ട് തൃപ്തിയടയുന്ന ദൈവജനത്തോട് അവൻ സംസാരിക്കുന്നു. പ്രിയ മകനേ, മകളെ! ഒന്നു നിൽക്കൂ ഓട്ടം നിർത്തൂ. നിന്റെ മിനുക്കുപണികളും ശുദ്ധീകരണവും തക്കസമയത്ത് തീർക്കുവാൻ എന്റെ കരങ്ങളിലേക്ക് തരിക. അവന്റെ വാക്കിനു വിലകൊടുത്താൽ നമുക്കറിയാം, പത്രോസിന്റെ പടകിനെ പെരുത്ത മീൻകൂട്ടംകൊണ്ട് നിറച്ച അനുഗ്രഹം നമ്മെയും നിറയ്ക്കും. പെരുത്ത മീൻകൂട്ടത്തിന്റെ അനുഭവം മാത്രം നോക്കി നിൽക്കുമ്പോൾ അതിനു മുമ്പുള്ള വലയുടെ അറ്റകുറ്റ പണികളും, സൂക്ഷ്മമായ പരിശോധനയും മറക്കരുതെന്ന് വചനം നമ്മെ ഓർമ്മിപ്പി ക്കുന്നു. അതേ ദിനംതോറും പുതുക്കുന്ന, ശുദ്ധീകരിക്കുന്ന ഒരനുഭവത്തിൽ വളരാൻ കർത്താവ് ഏവരെയും ഇടയാകട്ടെ.

നമ്മുടെ വലയിലെ പൊട്ടിപ്പോയ ഓരോ കണ്ണികളും കൂട്ടിച്ചേർക്കുവാനും തുടർന്ന് അതിലുള്ള സകല കറകളെയും പായലുകളെയും കഴുകി ശുദ്ധീകരിക്കുവാൻ അവിടുത്തെ പുണ്യാഹരക്തം കൊണ്ട് കഴുകുവാൻ കൃപ തരണമേ എന്ന പ്രാർത്ഥനയോടെ ദൈവകര ങ്ങളിൽ കൊടുക്കാം. പ്രാർത്ഥിക്കാം.

പരാമർശം :

സങ്കീർത്തനം 51:7

‘ഞാൻ നിർമ്മലനാകേണ്ടതിന്നു ഈസോപ്പുകൊണ്ടു എന്നെ ശുദ്ധീകരിക്കേണമേ; ഞാൻ ഹിമത്തേക്കാൾ വെളുക്കേണ്ടതിന്നു എന്നെ കഴുകേണമേ.’

സിസ്റ്റർ ബിന്ദു റെജി അയ്മനം 071